പണിനടക്കുന്ന ജലസേചന പദ്ധതികൾ

145 (1702) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര ജലസേചനപദ്ധതികളുടെ പണി നടന്നു വരുന്നു ; അവ ഏതെല്ലാം ;

(ബി) ഇവയുടെ എസ്റ്റിമേറ്റ് എത്രയായിരുന്നു ; ഇതുവരെ ഇവയ്ക്കോരോന്നിനും എന്തു തുകവീതം ചെലവായിട്ടുണ്ട് ;

(സി) ഇവയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയാമോ ?

ഉത്തരം

(എ) പതിനൊന്ന്. (ഇവയുടെ പേര് ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.)

(ബി-ഡി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം.	പദ്ധതിയുടെ പേര്	തുടക്കത്തിൽ ഉള്ള എസ്റ്റിമേറ്റ് തുക (ലക്ഷം)	ചെലവായ തുക (ലക്ഷം)	പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന വർഷം	പൂർത്തിയാക്കാൻ കഴിയുന്ന വർഷം
(1)	(2)	(3)	(4)	(5)	(6)
1.	മൂവാറ്റുപുഴ	4,808	40,600	1996-1997	2004
2.	കാരാപ്പുഴ	760	18,996.28	2004	2005
3.	ഇടമലയാർ	6,740	13,465	2007	2007
4.	കുരിയാർകുറ്റി കാരപ്പാറ	10,000	1,326.28	2004	2004
5.	ചമ്രവട്ടം	7,000	374.46	പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.	
6.	തൃത്താല	1,900	1.825.17	2003	2005
7.	ബാണാസുര സാഗർ	1,137.07	985.08	2005	2006

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
8.	അട്ടപ്പാടി	476	850.55		ഈ പദ്ധതി ഇഐഎ പഠനം നടത്തിയതിനു ശേഷം പുനരാരംഭിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്
9.	കല്ലട	1,328	64,734		2002 മാർച്ചിൽ
10.	കാഞ്ഞിരപ്പുഴ	365	11,177.79	2003	'വൈന്റ് അപ്പ്' ചെയ്തു ചെറിയ
11.	പഴശ്ശി	442	15,620.97		ജോലികൾ മാത്രം നടത്തുന്നുണ്ട്.

നഗരജലവിതരണ പദ്ധതികളുടെ പ്രവർത്തനം

146 (1705) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചുവോ ;

(ബി) എങ്കിൽ, സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികൾ നവീകരിക്കേണ്ടതായി ബോദ്ധ്യമായിട്ടുണ്ടോ ;

(സി) എങ്കിൽ, ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് നവീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) വളരെ വർഷങ്ങൾക്കുമുമ്പ് കമ്മീഷൻചെയ്ത നഗരജലവിതരണ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ, ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് ഇപ്രകാരം നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) നഗരജലവിതരണ നഷ്ടത്തിലൂടെ സംസ്ഥാനത്ത് സംഭരിക്കപ്പെടുന്ന ജലത്തിന്റെ 40% നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ, ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്തെ നഗരജലവിതരണ പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഐ) ഇതിൽ ഏതെല്ലാം ജലവിതരണ പദ്ധതികളുടെ ട്രീറ്റ്മെന്റ് പ്ലാന്റുകളും ഇലക്ട്രിക് ഇൻസ്റ്റലേഷനുകളുമാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly